നീലം പൊത്തുന്ന വീടുകൾക്ക് വൈദ്യുതി ചാർജ്ജ് ഒഴിവാക്കാൻ നടപടി

*9 [297] ശ്രീ. പി. കെ. കെ. ബാവ:
,, സി. ടി. അഹമ്മദ് അലി:
,, കളത്തിൽ അബ്ദുള്ള:
,, പി. കെ. അബ്ദു റബ്ബ:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി കണക്ഷനുള്ള പഴയ വീടുകൾ നിലം പൊത്തിയാൽ വീട് പുതുക്കി താമസം തുടങ്ങുന്നതുവരെ വൈദ്യുതി ഉപയോഗിക്കുന്നില്ലെങ്കിൽ മിനിമം വൈദ്യുതി ചാർജ്ജും മീറ്റർ വാടകയും ഈടാക്കുന്നുണ്ടോ;

(ബി) എങ്കിൽ വൈദ്യുതി ഉപഭോഗം ഒട്ടുംതന്നെയില്ലാത്ത കാലയളവിൽ വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത് എന്ത് മാനദണ്ഡത്തിലാണ്;

(സി) വീട് പുതുക്കി താമസം തുടങ്ങുമ്പോൾ വൈദ്യുതി തുടർന്ന് ലഭിക്കുന്നതിന് പ്രത്യേക നടപടിക്രമം എന്തെങ്കിലും ഉണ്ടോ;

(ഡി) എങ്കിൽ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ?

ഊർജ്ജവകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ, ബി) വീട് നിലംപൊത്തിയതായി ഉപഭോക്താവിൽ നിന്നും അറിയിപ്പ് ലഭിച്ചാലുടൻ അപകടം ഒഴിവാക്കുന്നതിനായി മീറ്റർ ഡിസ്മാൻറിൽ ചെയ്യാറുണ്ട്. ഡിസ്മാൻറിൽ ചെയ്ത തീയതി മുതൽ ചാർജ്ജ് ഒന്നും തന്നെ ഈടാക്കുന്നതല്ല. എന്നാൽ മീറ്റർ കണക്ഷൻ നിലനിർത്താൻ ഉപഭോക്താവ് ആവശ്യപ്പെടുന്നപക്ഷം മിനിമം വൈദ്യുതി ചാർജ്ജും മീറ്റർവാടകയും ഈടാക്കാറുണ്ട്. കണ്ടീഷൻസ് ഓഫ് സപ്ലൈ 31 (ഡി) പ്രകാരമാണ് മിനിമം ചാർജ്ജും മീറ്റർ വാടകയും ഈടാക്കുന്നത്.

(സി) ഉണ്ട്.

(ഡി) കൂടിശ്ശിക ഉണ്ടെങ്കിൽ അതും പുതിയ വയറിംഗ് കംപ്ലീഷൻ റിപ്പോർട്ട് അഡീഷണൽ സി. ഡി., ടെസ്റ്റിംഗ് ചാർജ്ജ്, കണക്ഷൻ റീ ഇഫക്ട് ചെയ്യുന്നതിനുള്ള ചാർജ്ജ് എന്നിവയും നൽകേണ്ടതുണ്ട്.

ക്ഷേത്രങ്ങളുടെ വരുമാനം വിനിയോഗിക്കുന്നത് സംബന്ധിച്ച്

*10 [298] ശ്രീ. കെ. പി. മോഹനൻ:
,, സി. കെ. നാണു:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. എ. സി. ഷൺമുഖദാസ്:
ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരളത്തിലെ ക്ഷേത്രങ്ങളുടെ വരുമാനത്തിൽ നിന്നും സർക്കാർ ആവശ്യത്തിനായി ഫണ്ട് ഡൈവർട്ട് ചെയ്യുകയോ വായ്പ എടുക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ അത് എപ്പോഴായിരുന്നുവെന്ന് വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്തെ ക്ഷേത്രങ്ങളുടെ വരുമാനം പ്രധാനമായി ഏതെല്ലാം ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സാമ്പത്തികവർഷം സംസ്ഥാന സർക്കാർ ക്ഷേത്രങ്ങളുടെ പരിപാലനത്തിനും ക്ഷേത്ര ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങൾക്കുമായി എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ?

വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) കേരളത്തിലെ ക്ഷേത്രങ്ങളുടെ വരുമാനത്തിൽനിന്നും സർക്കാർ ആവശ്യത്തിനായി ഫണ്ട് ഡൈവർട്ട് ചെയ്യുകയോ വായ്പ എടുക്കുകയോ ചെയ്തിട്ടില്ല.

(ബി) സംസ്ഥാനത്തെ ക്ഷേത്രങ്ങളുടെ വരുമാനം പ്രധാനമായും ക്ഷേത്രങ്ങളുടെ ദൈനംദിന ചെലവുകൾക്കും ക്ഷേത്രജീവനക്കാരുടെ ശമ്പളത്തിനും വാർഷികോത്സവം തുടങ്ങിയവയുടെ ചെലവുകൾക്കും ഉപയോഗിച്ചുവരുന്നു. ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ്) വകുപ്പിന് കീഴിലുള്ള ക്ഷേത്രങ്ങൾ, വകുപ്പിലേക്കുള്ള അംശാദായം, ക്ഷേമനിധിയിലേക്കുള്ള ക്ഷേത്ര വിഹിതം എന്നിവ അടയ്ക്കുന്നതിനും മരാമത്ത് തുടങ്ങിയ വികസന പ്രവർത്തനങ്ങൾക്കും തങ്ങളുടെ വരുമാനം ഉപയോഗിക്കുന്നുണ്ട്.

(സി) കഴിഞ്ഞ സാമ്പത്തികവർഷം സംസ്ഥാന സർക്കാർ ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവർത്തികൾ നടത്തുന്നതിനായി 50,00,000 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങൾക്ക് 2004-05 വർഷത്തിൽ 45,69,000 രൂപ ബന്ധപ്പെട്ട ക്ഷേത്ര ഭരണാധികാരികൾക്ക് നൽകിക്കഴിഞ്ഞിട്ടുണ്ട്. ക്ഷേത്രഭൂമി മതിൽ കെട്ടി സംരക്ഷിക്കുന്നതിനായി നീക്കിവച്ച ഒരു കോടി രൂപയിൽനിന്നും 6,65,000 രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്. മലബാർ മേഖലയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ച നിരക്കിൽ ശമ്പളം നൽകുന്നതിനായി 2004-05 വർഷത്തേക്ക് അനുവദിച്ച 3 കോടി രൂപയിൽ 65,93,775 രൂപ ഇതിലേക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിനുപുറമെ തിരുവിതാംകൂർ ദേവസ്വം ബോർഡിനും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനും ഗ്രാൻറായി ഒരു കോടി രൂപ നൽകിയിട്ടുണ്ട്. ശബരിമല സാനിട്ടേഷൻ സൊസൈറ്റിക്ക് ശബരിമല ഉത്സവത്തോടനുബന്ധിച്ച് 40 ലക്ഷം രൂപ പ്രതിവർഷം നൽകിവരുന്നു.

വൈദ്യുതി മോഷണം തടയാൻ നടപടി

*11 [299] ശ്രീ. തോമസ് ഉണ്ണിയാടൻ:
,, ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly